ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ

നിയമസഭാ ഉപതെരഞ്ഞെടുപ്പ് 2009

വോട്ടർമാരുടെ ശ്രദ്ധയ്ക്ക്

ജനാധിപത്യ വ്യവസ്ഥയിൽ വോട്ടർ പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ഇൻഡ്യൻ പൗരന്മാർക്കും വോട്ടുചെയ്യാൻ അവകാശമുണ്ട്. സ്ഥാനാർത്ഥികളെയോ, വോട്ടർമാരെയോ, അവരുമായി അടുത്ത ബന്ധം പുലർത്തുന്നവരെയോ ഭീഷണിപ്പെടുത്തിയോ, ദൈവീക അപ്രീതിയ്ക്ക് പാത്രമാകുമെന്നോ, ആത്മീയ ആനന്ദം ലഭിക്കുമെന്ന് വിശ്വസിപ്പിച്ചോ, സ്വതന്ത്രമായി വോട്ടവകാശം വിനിയോഗിക്കുന്നതിൽ മറ്റാരെങ്കിലും ഇടപെടുക, കള്ളവോട്ട് ചെയ്യുക, കള്ളവോട്ട് ചെയ്യുവാൻ പ്രേരിപ്പിക്കുക, ഏതെങ്കിലും സ്ഥാനാർത്ഥിക്കോ, പാർട്ടിക്കോ വോട്ടുചെയ്യുന്നതിന് വോട്ടർമാർക്ക് കൈക്കൂലിയോ പാരിതോഷികങ്ങളോ നൽകുക, വാഗ്ദാനം ചെയ്യുക തുടങ്ങിയവ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 171-ാം വകുപ്പ് പ്രകാരം ഒരു വർഷംവരെ തടവോ, പിഴയോ, രണ്ടുംകൂടിയോ ലഭിക്കാവുന്ന കുറ്റങ്ങളാണ്.

ബൂത്ത് പിടിച്ചടക്കുക, ഭീകരാന്തരീക്ഷം സൃഷ്ടിച്ചോ, ഭീഷണിപ്പെടുത്തിയോ വോട്ടർമാരെ സ്വതന്ത്രമായും, നിർഭയമായും വോട്ടുചെയ്യുന്നതിൽനിന്ന് തടയുക തുടങ്ങിയവ തെരഞ്ഞെടുപ്പ് ചട്ടങ്ങളുടെ 135-എ വകുപ്പ് പ്രകാരം മൂന്ന് വർഷംവരെ തടവോ, പിഴയോ, രണ്ടുംകൂടിയോ ലഭിക്കാവുന്ന കുറ്റങ്ങളാണ്. അത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നത് സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ അവർക്ക് മൂന്ന് വർഷം മുതൽ അഞ്ചുവർഷംവരെ തടവോ, പിഴയോ, രണ്ടുംകൂടിയോ ലഭിക്കാം.

1950-ലെ തെരഞ്ഞെടുപ്പ് ചട്ടങ്ങളിലെ 17-ഉം, 18-ഉം വകുപ്പുകൾ പ്രകാരം ഒരാൾ ഒന്നിലധികം നിയമസഭാ മണ്ഡലങ്ങളിലോ, ഒരേ മണ്ഡലത്തിൽ ഒന്നിലധികം സ്ഥലത്തോ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ പാടുള്ളതല്ല. ഈവിധം ഒരു പട്ടികയിൽ പേരുള്ള വിവരം മറച്ചുവച്ച് വ്യാജ സത്യവാങ്മൂലം നൽകി രണ്ടാമത് പട്ടികയിൽ പേര് ചേർക്കുന്നത് പ്രസ്തുത ചട്ടങ്ങളിലെ 31-ാം വകുപ്പ് പ്രകാരം ഒരു വർഷംവരെ തടവോ, പിഴയോ, രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റമാണ്.

ഇത്തരം കുറ്റകരമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആർക്കും നിർഭയമായി താഴെപ്പറയുന്ന അധികാരികൾക്ക് പരാതി നൽകാവുന്നതാണ്. പരാതി നൽകുന്നവരുടെ പേര് വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

ചീഫ് ഇലക്ടറൽ ഓഫീസറുടെ കാര്യാലയം	:	ഫോൺ നം: 0471 - 2307168 ഫാക്സ് നം: 0471 - 2309334
ജില്ലാ കളക്ടർ (കണ്ണൂർ)	:	ഫോൺ നം: 0497 - 2700243 ഫാക്സ് നം: 0497 - 2704243
റിട്ടേണിംഗ് ഓഫീസർ (10-കണ്ണൂർ നിയമസഭാ മണ്ഡലം)	:	ഫോൺ നം: 0497 - 2700577 ഫാക്സ് നം: 0497 - 2704243
തെരഞ്ഞെടുപ്പ് നിരീക്ഷകർ (10-കണ്ണൂർ നിയമസഭാ മണ്ഡലം)	:	ഫോൺ നം: 0497 - 2713148 (1) ഫോൺ നം: 0497 - 2713149 (2) ഫാക്സ് നം: 0497 - 2713147 മൊബൈൽ നം: 9497513460 (1) ,, 9497513461 (2)
ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), കണ്ണൂർ.	:	ഫോൺ നം: 0497 - 2708560 ഫാക്സ് നം: 0497 - 2709140
ജില്ലാ കളക്ടർ (എറണാകുളം)	:	ഫോൺ നം: 0484 - 2423001 ഫാക്സ് നം: 0484 - 2423001
റിട്ടേണിംഗ് ഓഫീസർ (72-എറണാകുളം നിയമസഭാ മണ്ഡലം)	:	ഫോൺ നം: 0484 - 2422292 ഫാക്സ് നം: 0484 - 2422294
തെരഞ്ഞെടുപ്പ് നിരീക്ഷകൻ (72-എറണാകുളം നിയമസഭാ മണ്ഡലം)	:	ഫോൺ നം: 0484 - 2361630 ഫാക്സ് നം: 0484 - 2361630 മൊബൈൽ നം: 9020634451
ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), എറണാകുളം.	:	ഫോൺ നം: 0484 - 2426595 ഫാക്സ് നം: 0484 - 2421453
ജില്ലാ കളക്ടർ (ആലപ്പുഴ)	:	ഫോൺ നം: 0477 - 2251720 ഫാക്സ് നം: 0477 - 2251720
റിട്ടേണിംഗ് ഓഫീസർ (100-ആലപ്പുഴ നിയമസഭാ മണ്ഡലം)	:	ഫോൺ നം: 0477 - 2263441 ഫാക്സ് നം: 0477 - 2263441
തെരഞ്ഞെടുപ്പ് നിരീക്ഷകൻ (100-ആലപ്പുഴ നിയമസഭാ മണ്ഡലം)	:	ഫോൺ നം: 0477 - 2241200 ഫാക്സ് നം: 0477 - 2241200 മൊബൈൽ നം: 9231022614
ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), ആലപ്പുഴ.	:	ഫോൺ നം: 0477 - 2251801 ഫാക്സ് നം: 0477 - 2230294

സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് നടത്തുവാൻ തെരഞ്ഞെടുപ്പ് കമ്മീഷനെ സഹായിക്കുക.

ചീഫ് ഇലക്ടറൽ ഓഫീസർ

തിരുവനന്തപുരം
02...11...09